(എ) സംസ്ഥാനത്ത് 2004 ജനുവരി 1 വരെ എത്ര അൺ ഇക്കണോമിക് സ്കൂളുകൾ ഉണ്ടായിരുന്നു; ഇവയിൽ ഗവൺമെന്റ് സ്കൂളുകൾ, സ്വകാര്യ സ്കൂളുകൾ എത്ര വീതമെന്ന് കാണിക്കുന്ന റവന്യൂ ജില്ല തിരിച്ചുള്ള ലിസ്റ്റ് മേശപ്പുറത്ത് വയ്ക്കുമോ;

(ബി) സംസ്ഥാനത്തെ അൺ ഇക്കണോമിക് സ്കൂളുകൾ നിർത്തലാക്കാൻ ഉദ്ദേശിക്കുന്നുണ്ടോ;

(സി) ഇതനുസരിച്ച് എത്ര സ്കൂളുകൾ നിർത്തലാക്കുവാൻ ഉദ്ദേശിക്കുന്നു;

(ഡി) സ്കൂളുകൾ അൺ ഇക്കണോമിക് ആയി പ്രഖ്യാപിക്കാനുള്ള മാനദണ്ഡം എന്തൊക്കെയാണെന്ന് വ്യക്തമാക്കാമോ;

(ഇ) പ്രസ്തുത സ്കൂളിൽ പഠിക്കുന്ന കുട്ടികൾക്ക് പഠനത്തിന് എന്തെല്ലാം പകരം സംവിധാനം ഏർപ്പെടുത്താൻ ഉദ്ദേശിക്കുന്നു എന്ന് വ്യക്തമാക്കാമോ;

(എഫ്) അൺ ഇക്കണോമിക് സ്കൂളുകളെ ഇക്കണോമിക് ആക്കുവാൻ സർക്കാർ എന്തെല്ലാം നടപടികളാണ് സ്വീകരിക്കുന്നത്;

(ജി) കഴിഞ്ഞ സർക്കാരിന്റെ കാലത്ത് എത്ര അൺ ഇക്കണോമിക് സ്കൂളുകൾ അടച്ചുപൂട്ടിയെന്ന് വെളിപ്പെടുത്തുമോ;

(എച്ച്) സംസ്ഥാനത്തെ അൺ ഇക്കണോമിക് സ്കൂളുകളിൽ എത്ര അദ്ധ്യാപകരുണ്ട്;

(ഐ) ഈ അദ്ധ്യാപകരുടെ സേവനം ഫലപ്രദമായി ഉപയോഗിക്കുവാൻ എന്തു നടപടി സ്വീകരിക്കുവാൻ ഉദ്ദേശിക്കുന്നുവെന്ന് വെളിപ്പെടുത്തുമോ?

ഉത്തരം

(എ—ഐ) വിവരം ശേഖരിച്ചു നൽകുന്നതാണ്.

ലാഭകരമല്ലാത്ത സ്കൂളുകൾ

105 [657] ശ്രീ. എ. കെ. ബാലൻ:
,, കെ. വി. കുഞ്ഞിരാമൻ:
,, കെ. പി. സതീശ്ചന്ദ്രൻ:
ശ്രീമതി പി. കെ. ശ്രീമതി ടീച്ചർ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് വിദ്യാഭ്യാസ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ലാഭകരമല്ലാത്ത സ്കൂളുകൾ അടച്ചുപൂട്ടുന്ന നയമനുസരിച്ച് ഈ വർഷം പൂട്ടേണ്ട സ്കൂളുകൾ കണ്ടെത്തുന്നതിന് എന്തെല്ലാം നടപടികൾ സ്വീകരിച്ചിട്ടുണ്ട്;

(ബി) ഒരു ക്ലാസ്സിൽ 25-ൽ താഴെ കുട്ടികൾ പഠിക്കുന്ന സ്കൂളുകളുടെ ലിസ്റ്റ് തയ്യാറാക്കുന്നതിന് എ. ഇ. ഒ.-മാരോട് ആവശ്യപ്പെട്ടിട്ടുണ്ടോ;

LIBRARY ARCHIVES Kerala Legislative Assembly

(സി) ഉണ്ടെങ്കിൽ അത്തരം സ്കൂളുകളുടെ ലിസ്റ്റ് തയ്യാറാക്കി കഴിഞ്ഞിട്ടുണ്ടോ;

(ഡി) കഴിഞ്ഞ വർഷം ലാഭകരമല്ലാത്തതിന്റെ പേരിൽ എത്ര സ്കൂളുകൾ പൂട്ടിയിട്ടുണ്ട്;

(ഇ) അടച്ചുപൂട്ടിയ സ്കൂളുകളിലെ എത്ര അദ്ധ്യാപകർക്ക് പുനർനിയമനം നൽകി; എത്രപേർക്ക് പുനർനിയമനം നൽകാനുണ്ട് എന്ന് വെളിപ്പെടുത്തുമോ?

ഉത്തരം

(എ—ഇ) വിവരം ശേഖരിച്ചു നൽകുന്നതാണ്.

പുതുതായി പ്ലസ് ടു കോഴ്സുകൾ

106 [658] ശ്രീ. എ. കെ. ബാലൻ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് വിദ്യാഭ്യാസ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഈ സർക്കാർ അധികാരം ഏറ്റെടുത്തശേഷം സംസ്ഥാനത്ത് സർക്കാർ, എയിഡഡ്, അൺ എയിഡഡ് മേഖലയിൽ പുതുതായി എത്ര പ്ലസ് ടു കോഴ്സുകൾ ആരംഭിച്ചിട്ടുണ്ട്; ഓരോ മേഖലയിലും പുതുതായി ആരംഭിച്ചത് എത്ര എണ്ണമാണെന്ന് വെളിപ്പെടുത്തുമോ;

(ബി) 2004-2005 അദ്ധ്യയന വർഷത്തിൽ സർക്കാർ, എയിഡഡ്, അൺ എയിഡഡ് മേഖലയിൽ പുതുതായി പ്ലസ് ടു കോഴ്സുകൾ ആരംഭിക്കാൻ ഉദ്ദേശിക്കുന്നുണ്ടോ; എങ്കിൽ വിശദാംശങ്ങൾ വെളിപ്പെടുത്തുമോ;

(സി) കുഴൽമന്ദം മണ്ഡലത്തിൽ പ്ലസ് ടു കോഴ്സുകൾ ഇല്ലാത്ത പഞ്ചായത്തുകളിൽ പുതുതായി പ്ലസ് ടു കോഴ്സുകൾ ആരംഭിക്കാൻ ആവശ്യമായ നടപടി സ്വീകരിക്കുമോ?

ഉത്തരം

(എ) എയിഡഡ് മേഖലയിൽ 4 പ്ലസ് ടു സ്കൂളുകളും അൺ എയിഡഡ് മേഖലയിൽ 333 പ്ലസ് ടു സ്കൂളുകളും അനുവദിച്ചിട്ടുണ്ട്. സർക്കാർ മേഖലയിൽ ഒന്നും അനുവദിച്ചിട്ടില്ല.

(ബി) 2004-2005 അദ്ധ്യയന വർഷത്തിൽ നൂറോളം ഗവൺമെന്റ് സ്കൂളുകളിൽ പ്ലസ് ടു ആരംഭിക്കുന്ന കാര്യം സർക്കാരിന്റെ സജീവ പരിഗണനയിലായിരുന്നു. എന്നാൽ ഇത് സംബന്ധിച്ച് ഉത്തരവ് പുറപ്പെടുവിക്കുകയുണ്ടായില്ല.

(സി) പ്ലസ് ടു കോഴ്സ് അനുവദിക്കുന്നതുമായി ബന്ധപ്പെട്ട് ഹൈക്കോടതിയിൽ നിലവിലുള്ള കേസ് അനുകൂലമായി തീർപ്പാക്കുന്ന മുറയ്ക്ക് ഈ ആവശ്യം പരിഗണിക്കാവുന്നതാണ്.

LIBRARY ARCHIVES Kerala Legislative Assembly